**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5715** **08-07-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാൻ കേന്ദ്രനിയമത്തിന്റെ മാതൃകയിൽ നിയമനിർമ്മാണം നടത്തിയെങ്കിലും പ്രസ്തുത നിയമം പാലിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് നമ്മുടെ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരികയാണ്. 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് അനുസരിച്ചുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താത്കാലിക രജിസ്ട്രേഷൻ 13174 സ്ഥാപനങ്ങൾ നേടിയിട്ടുള്ളതിൽ 9307 സ്വകാര്യ സ്ഥാപനങ്ങളും 3867 സർക്കാർ സ്ഥാപനങ്ങളും, സ്ഥിര രജിസ്ട്രേഷൻ നേടിയിട്ടുള്ള 444 സ്ഥാപനങ്ങളിൽ 306 സ്വകാര്യ സ്ഥാപനങ്ങളും 138 സർക്കാർ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക്ക് സർവ്വീസ്, ആയുർവേദ, യുനാനി ഹോമിയോ സിദ്ധ, യോഗ ആന്റ് പ്രകൃതി ചികിത്സ തുടങ്ങിയ എല്ലാ വിഭാഗങ്ങളുടെയും കുറഞ്ഞ മാനദണ്ഡങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതു കൂടാതെ പൊതു ജനങ്ങൾക്ക് ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പരാതി ഫീസ് ഇല്ലാതെ ഓൺലൈനായി നല്കുന്നതിനുള്ള സംവിധാനവും, കൂടാതെ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള ജില്ലാ രജിസ്ട്രേഷൻ അതോറിറ്റിയുടെ തീരുമാനങ്ങൾക്കെതിരെ പരാതിയുള്ള പക്ഷം ആയതിന് അപ്പീൽ സംവീധാനവും നടപ്പിലാക്കിയിട്ടുണ്ട്. 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ ചില ഖണ്ഡികകൾക്കെതിരെ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസ്സോസിയേഷൻ, ഇന്ത്യൻ ദന്തൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ എന്നിവർ ബഹു. ഹൈ കോടതിയിൽ WP(C) No. 1365/2019 ഫയൽ ചെയ്യുകയും അതിന്മേലുള്ള 16.01.2019 –ലെ |

| | | | |
|---|---|---|---|
| | | | ഇടക്കാല ഉത്തരവ് പ്രകാരവും കൂടാതെ WP (C) No. 1365/2019, 29353/2019, 27168/2023, 41738/2023 എന്നീ വ്യവഹാരങ്ങളിന്മേൽ 21.12.2023 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവുകൾ നിലവിലുള്ളതിനാലും പ്രസ്തുത വ്യവഹാരങ്ങളിന്മേൽ അന്തിമവിധി പുറപ്പെടുവിച്ചാൽ മാത്രമേ നിയമ ലംഘനത്തിന് എതിരെ നിലവിൽ നടപടി സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ. |
| (ബി) | നിയമം കർശനമായി നടപ്പാക്കാത്തതിന്റെ അഭാവത്തിൽ സ്വകാര്യ ആശുപത്രികളിലെയും ലബോറട്ടറികളിലെയും ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും സേവന നിലവാരം ഉറപ്പാക്കാനും സാധിക്കാതെ പോയത് സ്വകാര്യ ആശുപത്രികൾക്കും ലബോറട്ടറികൾക്കും വൻചൂഷണത്തിന് വഴിയൊരുക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്ഥിരം രജിസ്ട്രേഷന് നിർബന്ധമായും ആവശ്യമുള്ള കുറഞ്ഞ മാനദണ്ഡങ്ങൾ മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക്ക് സർവ്വീസ്, ആയുർവേദ, യുനാനി ഹോമിയോ സിദ്ധ, യോഗ ആന്റ് പ്രകൃതി ചികിത്സ തുടങ്ങിയ എല്ലാ വിഭാഗങ്ങൾക്കും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിര രജിസ്ട്രേഷൻ നൽകുന്നതിനായി സ്ഥാപനങ്ങളിൽ നേരിട്ട് പോയി നിലവാരം നിർണ്ണയിക്കുന്നതിന് അസ്സസ്സർമാരെ തിരഞ്ഞെടുത്ത് അവർ സ്ഥാപനത്തിൽ നേരിട്ടെത്തി വിജ്ഞാപനം ചെയ്തിട്ടുള്ള കുറഞ്ഞ മാനദണ്ഡങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുകയും അതനുസരിച്ച് ജില്ലാ രജിസ്ട്രേഷൻ അതോറിറ്റിയ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. ഈ പരിശോധനയിൽ ജീവനക്കാരുടെ യോഗ്യതയും ഉൾപ്പെടുന്നു. നിശ്ചിത യോഗ്യതയുള്ള ജീവനക്കാരില്ലാത്ത സ്ഥാപനങ്ങൾക്ക് സ്ഥിര രജിസ്ട്രേഷൻ നല്കുന്നതല്ല. ഇത്തരത്തിൽ സ്ഥിര രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. |
| (സി) | ഓരോ സ്വകാര്യ ആശുപത്രിയിലും ലാബിലും ചികിൽസാസംബന്ധമായ തുകയും ടെസ്റ്റിംഗ് ഫീസും പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ഓരോ ക്ലിനിക്കൽ സ്ഥാപനത്തിലും അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ പൊതുജന ശ്രദ്ധ പതിയുന്ന സ്ഥലത്ത് മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിക്കണമെന്ന് 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ ആദ്ധ്യായം 4 ലെ ഖണ്ഡിക 39 പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ബഹു. ഹൈ കോടതിയുടെ 16.01.2019, 20.12.2023 തീയതികളിലെ WP (C) No. 1365/2019, 29353/2019, 27168/2023, 41738/2023എന്നീ വ്യവഹാരങ്ങളിലെ ഇടക്കാല ഉത്തരവുകൾ പ്രകാരം നിരക്ക് പ്രദർശിപ്പിക്കാത്ത ക്ലിനിക്കൽ സ്ഥാപനങ്ങൾക്കെതിരെ ടി വ്യവഹാരങ്ങളിൽ കോടതിയുടെ അന്തിമ വിധി വരുന്നതു വരെ നടപടി സ്വീകരിക്കരുതെന്ന് |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുള്ളതിനാൽ 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം സ്വകാര്യ ആശുപത്രികളും ലാബുകളും ചികിത്സ സംബന്ധമായ തുകയും ടെസ്റ്റിംഗ് ഫീസും പ്രദർശിപ്പിക്കാത്തതിനെതിരെ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ